**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 608** **30-01-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ആർ.എൽ. കമ്പനിയിലെ കെ.എസ്.ഐ.ഡി.സി.യുടെ ഓഹരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.ക്ക് കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് എന്ന കമ്പനിയിൽ ഓഹരിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 1991 ഫെബ്രുവരി മാസം മുതൽ ഓഹരി നിക്ഷേപമുണ്ട്. |
| (ബി) | 2017-18 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സി.എം.ആർ.എൽ. കമ്പനി മുഖ്യമന്ത്രിയുടെ മകൾക്കും മകളുടെ കമ്പനിക്കും നൽകാത്ത സേവനങ്ങൾക്ക് പണം നൽകിയ ചെലവുകൾ പെരുപ്പിച്ച് കാട്ടിയും ലാഭം കുറച്ച് കാണിച്ചും വരുമാന നികുതി വെട്ടിച്ചതായി ഇൻകംടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ഔദ്യോഗികമായി ലഭിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഇത്തരം പ്രവൃത്തിയിലൂടെ ലാഭം കുറഞ്ഞത് വഴി ഓഹരി ഉടമകൾക്ക് ലഭിക്കേണ്ട ലാഭവിഹിതത്തിൽ വന്ന കുറവ് കമ്പനി ഉടമകളിൽ നിന്ന് ഈടാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മേൽ “ബി” പിരിവിന്റെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ